I/519792/2023

"ഭരണഭാഷ - മാതൃഭാഷ"

NO TO DRUGS

നം:-ഡി ജി ഇ/15133/2023/1-എച്ച് 2

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 22-11-2023

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം -സഹായിതം- സ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു

സൂചന :-
1. 12/11/2023 ലെ ജെആർ1/296/2023/പൊ.വി.വ സർക്കാർ കത്ത്
2. 25/06/2022-ലെ സ.ഉ.(കൈ) 111/2022/പൊ.വി.വ.
3. 24/03/2023-ലെ സ.ഉ.(കൈ) 29/2023/പൊ.വി.വ.
4. 23/11/2022, 25/01/2023, 31/03/2023, 16/05/2023, 17/06/2023 എന്നീ തീയതികളിലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഡി.ജി.ഇ/295299/2021-എച്ച് 2 നമ്പർ കത്തും സർക്കുലറുകളും
5. 15/05/2023, 14/07/2023, 30/10/2023 എന്നീ തീയതികളിലെ ബഹു. സുപ്രീം കോടതിയുടെ എസ്.എൽ.പി (സി) 9566/2023 നം. ഇടക്കാല ഉത്തരവുകൾ.

1995, 2016 എന്നീ വർഷങ്ങളിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് സംവരണം ഏർപ്പെടുത്തി പുറപ്പെടുവിച്ചിട്ടുള്ള ആക്ടുകൾ അനുസരിച്ച് സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം സമയബന്ധിതമായി നടപ്പിലാക്കുന്നതിന് പരാമർശം (2), (3), (4) എന്നിവ പ്രകാരം എല്ലാ മാനേജർമാർക്കും സർക്കാരും ഡയറക്ടറും ആവശ്യമായ മാർഗനിർദേശങ്ങൾ നൽകിയിരുന്നു. എന്നാൽ, നാളിതുവരെയായിട്ടും ഏതാനും ചില മാനേജർമാർ ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതിന് ആധാരമായ റോസ്റ്റർ തയ്യാറാക്കുന്നതിനോ ഭിന്നശേഷി വിഭാഗക്കാരെ നിയമിക്കുന്നതിന് ആവശ്യമായ ഒഴിവുകൾ മാറ്റി വയ്ക്കുന്നതിനോ തയ്യാറായിട്ടില്ല. ഈ സാഹചര്യത്തിൽ പരാമർശം (1) പ്രകാരം ബഹു.പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, താഴെപ്പറയുന്ന നിർദേശം പുറപ്പെടുവിക്കുന്നു.

നാളിതു വരെ റോസ്റ്റർ സമർപ്പിക്കാത്ത മാനേജർമാർ, സർക്കാരും ഡയറക്ടറും പുറപ്പെടുവിച്ചിട്ടുള്ള നിർദേശങ്ങൾ പാലിച്ച് ഭിന്നശേഷി നിയമനത്തിനുള്ള റോസ്റ്റർ **30/11/2023 നകം** സമന്വയ വഴി വിദ്യാഭ്യാസ ആഫീസർക്ക് നിർബന്ധമായും സമർപ്പിക്കേണ്ടതാണ്.

Signed by
Shanavas S Ias
Date: 22-11-2023 13:43:09

I/519792/2023

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്:

എല്ലാ മാനേജർമാരും
(അതത് വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

പകർപ്പ്:

1 സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം
(അറിവിലേക്കും തുടർ നടപടികൾക്കുമായി)

2 എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
(അറിവിലേക്കും തുടർ നടപടികൾക്കുമായി)

3 എല്ലാ ആർ.ഡി.ഡി മാർക്കും
അറിവിലേക്കും തുടർ നടപടികൾക്കുമായി

4 എല്ലാ എ.ഡി മാർക്കും
(അറിവിലേക്കും തുടർ നടപടികൾക്കുമായി)

5 എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
(അറിവിലേക്കും തുടർ നടപടികൾക്കുമായി)

6 ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,
കൈറ്റ്, പൂജപ്പുര, തിരുവനന്തപുരം
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)